**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6526 — 09/07/2014 ൽ മറുപടിയ്ക്ക്

**അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1 (Annexure I ) ആയി ചേർക്കുന്നു. |
| (ബി) അംഗീകാരം നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) അനുബന്ധം 1 ൽ സൂചിപ്പിച്ചിട്ടുള്ള ചെറുകിട സ്ഥാപനങ്ങളിലെ മലിന ജലം കാപ്പിത്തോട്ടിലേക്കാണ് ഒഴുക്കുന്നത്. ടി യൂണിറ്റുകളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. ഇവ അടച്ചു പൂട്ടുന്നതിനു പകരം സർക്കാർ സഹായത്തോടെ ഒരു പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കണമെന്ന പൊതു അഭിപ്രായം കണക്കിലെടുത്ത് ബോർഡ് ഇവർക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിച്ചിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിന് മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ലഭിച്ച Expression of Interest പരിശോധിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മറ്റി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ കാപ്പിത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03-03-2014 ന് നടന്ന യോഗത്തിൽ ശരിയാംവിധമുള്ള മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണമെന്ന നിബന്ധനയോടുകൂടിയേ ഇനി മേൽ പീലിംഗ് ഷെഡുകൾക്ക് ലൈസൻസ് കൊടുക്കുകയുള്ളൂവെന്നും നിലവിലുള്ള പീലിംഗ് ഷെഡ് ഉടമകൾ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 1/3 തുക നോട്ടീസ് കൈപ്പറ്റി 1 മാസത്തിനകം അടയ്ക്കണം എന്നും ബാക്കി ചെലവ് മലിനീകരണ നിയന്ത്രണ ബോർഡ് വഹിക്കുന്നതാണ് എന്നും തീരുമാനമായിട്ടുണ്ട്. |
| (സി) | അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ? | (സി) | വിശദാംശം അനുബന്ധം 2 (Annexure II) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

4

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്